ക്ഷീരകർഷകർ

50 (3252) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് പെൻഷൻ നൽകുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(ബി) ക്ഷീര സംഘങ്ങളുടെ കെട്ടിടം നിർമ്മിക്കുന്നതിന് എം. എൽ. എ. ഫണ്ടും എൽ. എ. സി. - എ. ഡി. എഫ്.-ഉം നൽകുന്ന കാര്യത്തിൽ ഇന്ന് നിലനിൽക്കുന്ന നിയന്ത്രണങ്ങൾ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും തീറ്റപ്പുല്ലും വിതരണം ചെയ്യുന്നതിനും പാലിന് കൂടുതൽ വില നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷീരകർഷ ക്ഷേമനിധിയിൽ അംഗത്വം നേടിയ ശേഷം 5 വർഷം ഏതെങ്കിലും ഒരു ക്ഷീര സംഘത്തിൽ പ്രതിവർഷം 500 ലിറ്ററിൽ കുറയാത്ത അളവിൽ പാലളക്കുകയും 60 വയസ്സ് പൂർത്തിയാവുകയും ചെയ്യുന്ന ക്ഷീരകർഷകന് പെൻഷൻ അപേക്ഷ സമർപ്പിക്കാവുന്നതും ക്ഷീരകർഷക ക്ഷേമനിധി ബോർഡ് തീരുമാനപ്രകാരം പെൻഷൻ അനുവദിക്കുന്ന മുറയ്ക്ക് പ്രതിമാസം 500 രൂപ നിരക്കിൽ പെൻഷൻ തുക നേരിട്ട് കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നതാണ്. കൂടാതെ, അംഗം മരണപ്പെട്ടുപോകുമ്പോൾ അംഗത്തിന്റെ നിയമാനുസൃതമായ നോമിനിക്ക് പ്രതിമാസം 150 രൂപ നിരക്കിൽ കുടുംബപെൻഷനും ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിച്ചുവരുന്നു.

(ബി) ക്ഷീരസഹകരണ സംഘങ്ങളുടെ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് ഉതകും വിധം മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തി 24-06-2014-ലെ സ.ഉ. (അച്ചടിച്ചത്) 238/2014/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങളുടെ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ക്ഷീരകർഷകർക്ക് വർഷം മുഴുവനും തീറ്റപ്പുൽ ലഭ്യമാക്കുന്നതിലേയ്ക്കായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽ കൃഷി വികസന പരിപാടി നടപ്പിലാക്കുന്നു. സൗജന്യമായി ക്ഷീരകർഷകർക്ക് പുൽക്കടകൾ ഈ പദ്ധതി വഴി വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുക, അസോള, ചോളം തുടങ്ങിയവ കൃഷി ചെയ്യുന്നതിന് സബ്സിഡി നൽകുക, ട്രാൻസ്പോർട്ടേഷൻ കോസ്റ്റ്, ജലസേചനത്തിനുള്ള സഹായം നൽകുക തുടങ്ങിയവ ഈ പദ്ധതി വഴി നടപ്പിലാക്കി വരുന്നു. ക്ഷീരസഹകരണ സംഘങ്ങൾ വഴി വാങ്ങുന്ന കാലിത്തീറ്റയ്ക്ക് കാലിത്തീറ്റ സബ്സിഡി പദ്ധതി മുഖാന്തരം ധനസഹായം ക്ഷീരകർഷകർക്ക് നൽകി വരുന്നു.

കൂടാതെ, മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്ത ലാഭത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡിയും സംഭരിക്കുന്ന പാലിന് ഇൻസെന്റീവും നൽകിവരുന്നു. ഉൽപ്പാദനച്ചെലവും വിപണിയിലെ മാറ്റങ്ങൾക്കും അനുസൃതമായി ക്ഷീരകർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മിൽമയുടെ ഭരണസമിതി പാൽവില സംബന്ധിച്ച യുക്തമായ തീരുമാനങ്ങൾ കാലാകാലങ്ങളിൽ കൈക്കൊണ്ടുവരുന്നുണ്ട്.

നാഷണൽ ഡയറി പ്ലാൻ

51 (3253) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഡയറി പ്ലാൻ നടപ്പാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ഇന്ത്യയൊട്ടാകെ നടപ്പിലാക്കുന്ന നാഷണൽ ഡയറി പ്ലാനിൽ കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മിൽമയുടെ 3 മേഖലാ യൂണിയനുകളും റേഷൻ ബാലൻസിംഗ് പ്രോഗ്രാം എന്ന പദ്ധതിയിൻ കീഴിൽ കറവമാടുകൾക്ക് സന്തുലിത ആഹാരക്രമം നടപ്പിലാക്കുന്നു. ഓരോ മേഖലാ യൂണിയനും രണ്ട് വർഷം കൊണ്ട് 200 സൊസൈറ്റികളിലായി 16000-ത്തോളം പശുക്കളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരികയാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly